[Shri K. Chandrasekhara Sastri]

The question that the Twelfth Report of the Committee on Private Members' Bills and Resolutions be adopted was put and carried.

The Report was adopted.

Deputy Speaker: Now Mr. P. S. Namboodiri can move for leave to introduce the Kerala Recognition of Trade Unions Bill, 1969.

(i) THE KERALA RECOGNITION OF TRADE UNIONS BILL, 1969

Shri P. S. Namboodiri: Sir, I move for leave to introduce the Kerala Recognition of Trade Unions Bill, 1969.

Leave was granted.

Shri P. S. Namboodiri: Sir, I beg to introduce the Kerala Recognition of Trade Unions Bill, 1969.

Deputy Speaker: The Bill is introduced.

Deputy Speaker: Now we will take up Resolutions given notice of by Members. Mr. Kunjukrishna Pillai can move his Resolution No. 1.

(ii) RESOLUTIONS

I. Urgency for completion of the Vamanapuram River Valley Scheme

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : സർ, "തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ്, നെടുമങ്ങാട്, തിരുവനന്തപുരം എന്നീ താലൂക്കുകളിലെ ഇരുപത്തയ്യായിരം ഏക്കർ ഭൂമിയിൽ നെൽക്കൃഷിക്കു ജലവിതരണം നടത്തുവാൻവേണ്ടിയുള്ള വാമനപുരം നദീതടപദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ കഴിവതും വേഗം പൂർത്തിയാക്കി 1969–70 സാമ്പത്തിക വർഷത്തിൽ അണക്കെട്ട് ആരംഭിക്കത്തക്ക നിലയിൽ വേണ്ടത് ഉടനടി ചെയ്യണമെന്ന് സംസ്ഥാന ഗവർമ്മെൻറിനോടും കേന്ദ്രഗവർമ്മെൻറിനോടു ഈ സഭ അഭ്യർത്ഥിക്കുന്നു." ഇതാണ് എൻെറ പ്രമേയം. ഈ പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്.

വാമനപുരം നദീതടപദ്ധതിയുടെ നടത്തിപ്പിനുവേണ്ടിയുള്ള ആലോചനകളും ശ്രമങ്ങളും കഴിഞ്ഞ പത്തു വർഷമായി നടന്നുകൊണ്ടിരിക്കുകയാണ്. അഞ്ചാറുകൊല്ലം മുൻപ് ഇതിൻെറ പ്രോജക്റ്റ് റിപ്പോർട്ട് പൂർത്തിയാക്കുകയും അന്ന് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയും ഉണ്ടായി. എന്നാൽ ചില നിക്ഷിപ്തതാൽപര്യക്കാർ ഗവർമ്മെൻറിൽ നടത്തിയ സമ്മർദ്ദങ്ങളുടെ ഫലമായി അതു നടപ്പാക്കാൻ സാധിക്കാത്ത സാഹചര്യം സർക്കാരിൽ ഉളവാക്കുകയാണുണ്ടായത്. 1967-ൽ ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം ഇതുസംബന്ധിച്ചുള്ള എൻെറ ചില ചോദ്യങ്ങൾക്ക് മറുപടിയായി ഗവർമ്മെൻറിൻെറ ഭാഗത്തുനിന്ന്, ഇതിൻെറ ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുകയാണെന്നും അതു പൂർത്തിയാക്കിയാൽ നാലാം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാമെന്നും രേഖാമൂലവും സഭയിൽവച്ചും ഉറപ്പ് തന്നിട്ടുള്ളതാണ്. ഇതു സംബന്ധിച്ച് ഗവർമെൻറു ഭാഗത്തു വീണ്ടും വീഴ്ച ഉണ്ടായതിൻെറ ഫലമായി കിളിമാനൂർവച്ച് തിരുവനന്തപുരം ജില്ലയിലുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും കർഷകപ്രസ്ഥാനങ്ങളുടെയും

LIBRARY ARCHIVES Kerala Legislative Assembly